പോലീസുകാർ പ്രതികളായിട്ടുള്ള കേസുകൾ

22 [795] ശ്രീ കെ. പി. രാജേന്ദ്രൻ :

,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷത്തിനിടയിൽ സംസ്ഥാന പോലീസ് സേനയിലെ പോലീസുകാർ പ്രതികളായിട്ടുള്ള ബലാൽസംഗം, ലൈംഗിക പീഡനം തുടങ്ങിയ കുറ്റങ്ങളിൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ;

(ബി) ഇവർ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവരാണെന്നും വകുപ്പ് തലത്തിൽ ഇവർക്കെതിരായി എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) ചാർജ് ചെയ്ത കേസുകളിൽ കോടതി കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ളത് എത്ര കേസുകളിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ വിചാരണയിലിരിക്കുന്നവ ഏതൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7 കേസുകൾ

(ബി) 1. ശശിധരൻ, പൂജപ്പുര പോലീസ് സ്റ്റേഷൻ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

2. സണ്ണി, അമ്പലപ്പുഴ, പി. എസ്. അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.

3. ഗോപാലകൃഷ്ണൻ, ഇടുക്കി പോലീസ് സ്റ്റേഷൻ, വാച്യാന്വേഷണം ഉത്തരവായി.

4. മുകേഷ്, ഇടുക്കി പോലീസ് സ്റ്റേഷൻ വാച്യാന്വേഷണം ഉത്തരവായി (3-ഉം 4-ഉം ഇരുവരും ഒരേ കേസിൽ)

5. ശ്രീകുമാർ, കെ. എ. പി. 1-ാം ബറ്റാലിയൻ ഹവിൽദാർ ആയിരുന്നു. ടിയാനെ സസ്പെന്റ് ചെയ്തു.

6. മോഹൻദാസ്, എസ്., ഇടുക്കി പോലീസ് സ്റ്റേഷൻ, സസ്പെന്റ് ചെയ്തു.

7. അഗസ്റ്റി, താമരശ്ശേരി ട്രാഫിക് യൂണിറ്റ് സസ്പെന്റ് ചെയ്തശേഷം തിരികെ പ്രവേശിപ്പിച്ചു.

8. മണികണ്ഠൻ, കെ. എ. പി. 4-ാം ബറ്റാലിയൻ പി. സി. സസ്പെന്റ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു കേസിൽ പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ട്.

(ഡി) 1. വിളപ്പിൽശാല പി. എസ്. ക്രൈം 66/02 (ക്രൈം 419/സി.ആർ/02)

2. മാരാരിക്കുളം പി. എസ്. ക്രൈം 168/02

3. ഇടുക്കി പി. എസ്. ക്രൈം 209/01

4. കോതമംഗലം പി. എസ്. ക്രൈം 98/01

5. പുതുനഗരം പി. എസ്. ക്രൈം 130/02.

പോലീസുകാരുടെ ആത്മഹത്യ

23 [796] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട് ;

(ബി) കോട്ടയം വെള്ളരിക്കത്തോട് എസ്. ഐ.-യുടെ മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 61 പോലീസുകാർ.

(ബി) കോട്ടയം വെള്ളരിക്കത്തോട് പോലീസ് സ്റ്റേഷൻ നിലവിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. സന്തോഷ്കുമാർ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടതു സംബന്ധിച്ച് വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം 4/05/യു.എസ്.174 സി.ആർ.പി.സി.ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് വിശദമായ അന്വേഷണത്തിനുവേണ്ടി ടി കേസ് ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുള്ളതുമാണ്.

(സി) ഇതു സംബന്ധിച്ച് ടിയാന്റെ സഹോദരനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.

ചോദ്യം നമ്പർ (797)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly